# പതിമൂന്നാം കേരള നിയമസഭ

## (പത്താം സമ്മേളനം)

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 155 06/01/2014-ൽ മറുപടിയ്ക്ക്

### മത്സ്യസമ്പത്തിന്റെ സ്ഥിതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. തിലോത്തമൻ:<br>ശ്രീ. ചിറ്റയം ഗോപകുമാർ:<br>ശ്രീ. ജി. എസ്. ജയലാൽ:<br>ശ്രീ. ഇ. കെ. വിജയൻ: | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) തീര സമുദ്രത്തിലും പുഴകൾ ഉൾപ്പെടെയുള്ള ജലാശയങ്ങളിലും മത്സ്യസമ്പത്ത് ക്രമാതീതമായി കുറയുന്നതായും ശുദ്ധജല മത്സ്യങ്ങളിൽ മിക്കവയും വംശനാശം നേരിടുന്നതായുമുള്ള പഠന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഇല്ല. |
| (ബി) കേരളത്തിന്റെ കടൽത്തീരം മത്സ്യ ബന്ധനത്തിന് അനുയോജ്യമല്ലാതായി ത്തീർന്നിരിക്കുന്നുവെന്ന് അന്താ രാഷ്ട്ര ഫിഷറീസ് സർവ്വെയിൽ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഈ സർവ്വെയിലെ, സംസ്ഥാനത്തെ സംബന്ധിച്ചുള്ള മറ്റ് കണ്ടെത്തലുകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (ബി) ഇതു സംബന്ധിച്ച വിവരങ്ങളൊന്നും ഈ വകുപ്പിൽ ലഭിച്ചിട്ടില്ല. |
| (സി) കടൽ മത്സ്യകയറ്റുമതിയിൽ കഴിഞ്ഞ വർഷങ്ങളെ അപേക്ഷിച്ച് ഇപ്പോൾ വൻകുറവ് ഉണ്ടായിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനത്തിന്റെ കുറവാണ് ഉണ്ടായിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (സി) കേരളത്തിൽ നിന്നുള്ള കടൽ മത്സ്യ കയറ്റുമതിയിൽ കഴിഞ്ഞ വർഷങ്ങളെ അപേക്ഷിച്ച് കുറവുണ്ടായിട്ടില്ല. അതിലുപരി 2004-2005-ൽ 37000 ടൺ ആയിരുന്നത് 2011-12-ൽ 1,55,000 ടൺ ആയും 2012-13-ൽ 1,66,394 ടൺ ആയും വർദ്ധിച്ചുവെന്ന് MPEDA റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. കയറ്റുമതിമൂലമുള്ള വരുമാനം 2004-2005-ൽ 1158 കോടി രൂപ ആയിരുന്നത് 2012-13-ൽ 3436 കോടിയായി വർദ്ധിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ഇപ്പോൾ എത്ര ട്രോളറുകൾക്കും ഇരട്ടക്കണ്ണി വലകൾ ഉപയോഗിക്കുന്ന ബോട്ടുകൾക്കും ലൈസൻസ് നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ; | (ഡി) | ഇത്തരത്തിലുള്ള 2433 ട്രോളറുകൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്. |
| (ഇ) | മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതികളുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (ഇ) | മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിന് മത്സ്യങ്ങളുടെ പ്രജനന കാലത്ത് (ജൂൺ-ജൂലൈ മാസങ്ങളിൽ) വർഷം തോറും 47 ദിവസത്തെ ട്രോളിംഗ് നിരോധനം നടപ്പാക്കി വരുന്നു. അനധികൃത മത്സ്യബന്ധന രീതികൾ ഉപയോഗിച്ചുള്ള മത്സ്യബന്ധനം തടയുന്നതിനും അതിലൂടെ മത്സ്യ സമ്പത്ത് സംരക്ഷിക്കുന്നതിനും ഇമ്പൗണ്ടിംഗ് ഓഫീസർമാരുടെ നേതൃത്വത്തിൽ കടൽ പട്രോളിംഗ് നടത്തി നിയമ നടപടികളും സ്വീകരിച്ചു വരുന്നു. അമിതമായ മത്സ്യബന്ധനം നിയന്ത്രിക്കുന്നതിന് 1980-ലെ KMFR Act പ്രകാരം അർഹമായ മത്സ്യബന്ധന യാനങ്ങൾക്ക് മാത്രം ഫിഷറീസ് വകുപ്പിൽ നിന്ന് രജിസ്ട്രേഷൻ, ലൈസൻസ് എന്നിവ നൽകി വരുന്നു. സീറാഞ്ചിംഗ് പദ്ധതി പ്രകാരം മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി ഉൾനാടൻ ജലാശയങ്ങളിലും കായലുകളിലും മത്സ്യക്കുഞ്ഞുങ്ങളെയും ചെമ്മീൻ വിത്തുകളെയും നിക്ഷേപിക്കുന്നുണ്ട്. കടലിലെ പാര് മത്സ്യങ്ങളുടെ വംശവർദ്ധനവ് ലക്ഷ്യമിട്ടുകൊണ്ട് കൃത്രിമ പാര് പദ്ധതി നടപ്പിലാക്കി വരുന്നു. ഇതോടൊപ്പം മത്സ്യ സമ്പത്ത് സംരക്ഷിക്കുവാൻ ബോധവത്ക്കരണ പരിപാടികളും നടത്താറുണ്ട്. |

**സെക്ഷൻ ആഫീസർ**